# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1499 | 03.10.2016 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യ ഭദ്രത നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനൂപ് ജേക്കബ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ ഭക്ഷ്യധാന്യവിഹിതം കുറയുമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) ഉണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ എ.പി.എൽ., ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്കായി 10.01 ലക്ഷം മെട്രിക് ടൺ അരിയും 2.25 ലക്ഷം മെ.ടൺ ഗോതമ്പും ഉൾപ്പെടെ 12.26 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളാണ് നോർമൽ ക്വാട്ടയിൽ കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ചു നൽകിയത്. ഇതു കൂടാതെ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കായി 2.7 ലക്ഷം മെ.ടൺ അരിയും 0.95 ലക്ഷം മെ.ടൺ ഗോതമ്പുമുൾപ്പെടെ 3.65 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം അധിക വിഹിതമായി ലഭിച്ചിരുന്നു.<br><br>കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച നോർമൽ വിഹിതം അതേ അളവിൽ ഈ സാമ്പത്തിക വർഷത്തിലും കേന്ദ്രത്തിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിരുന്ന അധിക വിഹിതം 2016 ഏപ്രിൽ മുതൽ 2016 ജൂൺ വരെയുള്ള മൂന്ന് മാസങ്ങളിലേക്ക് മാത്രമാണ് ഇതുവരെ അനുവദിച്ചത്. എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള അധിക ഭക്ഷ്യധാന്യം 2016 ജൂണിനു ശേഷം അനുവദിച്ചു നൽകിയിട്ടില്ല. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ ഷെഡ്യൂൾ 4 പ്രകാരം 14.25 മെ.ടൺ ഭക്ഷ്യ ധാന്യങ്ങളാണ് പ്രതിവർഷം സംസ്ഥാനത്തിന് അലോട്ട്മെന്റായി ലഭ്യമാകുന്നത്. കേന്ദ്രസർക്കാരിന്റെ 20.03.2015 ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ പ്രകാരം 15480040 പേരാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇവർക്ക് മാത്രമായി 10.17 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ പ്രതിവർഷം വേണ്ടി വരും. അവശേഷിക്കുന്നവർക്ക് 4.08 ലക്ഷം മെ.ടൺ മാത്രമാണ് ലഭിക്കുന്നത്. |

ഭക്ഷ്യ സുരക്ഷാ നിയമത്തിൽ അദ്ധ്യായം 2 ൽ സെക്ഷൻ 3(1) ൽ അവസാന മൂന്നു വർഷത്തിൽ നോർമൽ വിഹിതമായി സംസ്ഥാനത്തിനു ലഭിച്ചിട്ടുള്ള ഭക്ഷ്യ ധാന്യവിഹിതത്തിന്റെ ശരാശരി വിഹിതം സംരക്ഷിക്കപ്പെടുമെന്നാണ് ഉറപ്പു നൽകുന്നത്. എന്നാൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന നോർമൽ വിഹിതവും അധിക വിഹിതവും (അഡ്ഹോക്ക്) ഉൾപ്പെടെയുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിക്കുന്ന സംസ്ഥാനം എന്ന നിലയിൽ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്ത ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ്ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് പൊതുവിതരണ രംഗത്ത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുവാനിടയുണ്ടെന്നും ആയതിനാൽ അഡ്ഹോക്ക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾക്കനുസൃതമായി ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതിനു ശേഷവും സംസ്ഥാനത്തിന് ലഭിക്കുന്നതിന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (ബി) ഭക്ഷ്യ ധാന്യ വിഹിതത്തിൽ കുറവ് വരരുതെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ സർക്കാർ കേന്ദ്ര ഗവൺമെന്റിന് എത്ര കത്തുകൾ അയച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം തീയതികളിലായിരുന്നു വെന്നും വിശദമാക്കുമോ ; | (ബി) 7 എണ്ണം. 30.07.14, 08.10.14, 30.10.14, 29.10.14, 21.01.15, 02.02.15, 26.08.15. എന്നീ തീയതികളിൽ |
| (സി) കേന്ദ്രത്തിൽ നിന്നുള്ള ഭക്ഷ്യ ധാന്യ വിഹിതം കുറയാതിരിക്കാൻ എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) അഡ്ഹോക്ക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ക്കനുസൃതമായി ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതിനു ശേഷവും സംസ്ഥാനത്തിന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ